## 15 -ാം കേരള നിയമസഭ

## 16 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2884** **24-02-2026 - ൽ മറുപടിയ്ക്ക്**

## മത്സ്യബന്ധന മേഖലകളിലെ സുസ്ഥിര വികസനം ഉറപ്പാക്കുന്നതിന് നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു,<br>ശ്രീ. മുരളി പെരുനെല്ലി | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പരമ്പരാഗതവും യന്ത്രവൽകൃതവുമായ മത്സ്യബന്ധന മേഖലകളിൽ സുസ്ഥിര വികസനം ഉറപ്പാക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നയപരമായ ഇടപെടലുകൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | (എ) | പരമ്പരാഗതവും യന്ത്രവൽക്കൃതവുമായ മത്സ്യബന്ധന മേഖലകളുടെ സുസ്ഥിര വികസനം ഉറപ്പാക്കുന്നതിനായി സർക്കാർ നിരവധി നയപരമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. കടൽ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനും ഉതകുന്ന തരത്തിൽ KMFR Act ഉം Rule ഉം കാര്യക്ഷമമായി നടപ്പിലാക്കുക, വിവിധ മത്സ്യ വർഗ്ഗങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥകൾ സംരക്ഷിയ്ക്കുന്നതിന് നടപടികൾ സ്വീകരിയ്ക്കുക, കടൽ മലിനീകരണം നിയന്ത്രിയ്ക്കുക, അശാസ്ത്രീയ മത്സ്യബന്ധന രീതികൾ നിയന്ത്രിയ്ക്കുകയോ നിരോധിയ്ക്കുകയോ ചെയ്യുക തുടങ്ങിയവയാണ് പരമ്പരാഗതവും യന്ത്രവത്കൃതവുമായ മത്സ്യബന്ധന മേഖലകളിൽ സുസ്ഥിര വികസനം ഉറപ്പാക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നയപരമായ ഇടപെടലുകൾ. ഇതിനായി നിരവധി നടപടികൾ ആവിഷ്കരിച്ചിട്ടുണ്ട്. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി കെ.എം.എഫ്.ആർ. ആക്ടിൽ കാലോചിതമായി ഭേദഗതി വരുത്തുകയും പുതിയ കെ.എം.എഫ്.ആർ. ചട്ടങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ട്രോൾ നെറ്റുകളുടെ കോഡ് എൻറിൽ സ്ക്വയർ മെഷ് നിർബ്ബന്ധമാക്കി. പ്രധാനപ്പെട്ട എല്ലാ വലകളുടെയും ആകെ വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്ററിന് മുകളിൽ നീളവും 250 എച്ച്.പി.യ്ക്ക് മുകളിൽ എൻജിൻ ശക്തിയുമുള്ള യാനങ്ങൾക്ക് തീരക്കടലിൽ (12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന ലൈസൻസ് നിരോധിച്ചു. ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യതീറ്റ നിർമ്മാണത്തിനും |

മറ്റും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിൻറെ ശോഷണത്തിന് കാരണമാകുന്നു എന്ന് മനസ്സിലാക്കി. കേരളാ തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം നിശ്ചയിച്ച് വിജ്ഞാപനം ഇറക്കുകയും ആയത് നടപ്പിലാക്കുകയും ചെയ്തുവരുന്നു. കൂടാതെ ട്രോൾബാൻ 47 ദിവസത്തിൽ നിന്നും 52 ദിവസമായി വർദ്ധിപ്പിച്ചു. കടലിൽ കൃത്രിമ ആവാസ വ്യവസ്ഥയായ കൃത്രിമ പാര് നിക്ഷേപിക്കുന്ന പദ്ധതി പ്രാവർത്തികമാക്കി.

2023-24 സാമ്പത്തിക വർഷം PMMSY യിൽ ഉൾപ്പെടുത്തി 'ആധുനിക സംയോജിത തീരദേശ മത്സ്യബന്ധന ഗ്രാമങ്ങൾ/വികസന പദ്ധതി' പ്രകാരം കേരളത്തിലെ 7 തീരദേശ ജില്ലകളിൽ ഉൾപ്പെടുന്ന 9 മത്സ്യഗ്രാമങ്ങളിൽ ആകെ 1350 റീഫ് മോഡ്യൂളുകൾ നിക്ഷേപിക്കുന്നതിന് ആകെ 279 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. നാളിതുവരെ 7 മത്സ്യഗ്രാമങ്ങളിലായി ആകെ 1050 റീഫ് മോഡ്യൂളുകളുടെ നിക്ഷേപം പൂർത്തിയാക്കിയിട്ടുണ്ട്.

പ്രസ്തുത പദ്ധതിയോടനുബന്ധിച്ച്, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് (NFDB) മുഖാന്തിരം നടപ്പാക്കുന്ന "സീ റാഞ്ചിംഗ്" പദ്ധതി പ്രകാരം 3 കോടി രൂപയുടെ (100% കേന്ദ്ര വിഹിതം) പദ്ധതിക്ക് അംഗീകാരം ലഭിക്കുകയും നടപ്പിലാക്കി വരുകയും ചെയ്യുന്നു. ഇതുമൂലം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് അധികമായി മത്സ്യങ്ങൾ ലഭിക്കുകയും അതിലൂടെ അവർക്ക് കൂടുതൽ മെച്ചപ്പെട്ട രീതിയിലുള്ള വരുമാന വർദ്ധനവും സാധ്യമാകുകയും ചെയ്യും.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, മത്സ്യഫെഡ്, സാഫ്, ക്ഷേമനിധി ബോർഡ് എന്നിവ മുഖേന പരമ്പരാഗതവും യന്ത്രവൽകൃതവുമായ മത്സ്യബന്ധന മേഖലകളുടെ സുസ്ഥിര വികസനം ലക്ഷ്യമാക്കി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

ഭൂരഹിത/ഭവനരഹിത മത്സ്യത്തൊഴിലാളികൾക്കായുള്ള ഫ്ലാറ്റ് സമുച്ചയങ്ങൾ, തീരദേശ വിദ്യാഭ്യാസ അടിസ്ഥാന സൗകര്യ വികസനം, ഫിഷറീസ് സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കൽ, തീരദേശ ആശുപത്രികളുടെ വികസനം എന്നീ പദ്ധതികൾ തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്നുണ്ട്. തീരദേശ പ്രദേശങ്ങളിലെ ഭവനസൗകര്യം, വിദ്യാഭ്യാസം, ആരോഗ്യം, മത്സ്യബന്ധന അടിസ്ഥാന സൗകര്യം, വിപണന സംവിധാനങ്ങൾ

| | | | |
|---|---|---|---|
| | | | എന്നിവ സമഗ്രമായി മെച്ചപ്പെടുത്തുക എന്നതാണ് ഈ പദ്ധതികളുടെ പ്രധാന ലക്ഷ്യം.<br><br>മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്ത പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് അപകടസാഹചര്യങ്ങളിൽ സാമ്പത്തിക സംരക്ഷണം ഉറപ്പാക്കുന്നതിനായി മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി, സംയോജിത മത്സ്യവികസന പദ്ധതി എന്നിവ മത്സ്യഫെഡ് വഴി നടപ്പിലാക്കിവരുന്നു.<br><br>ചെറുകിട തൊഴിൽ സംരംഭ വികസനം,JLG Project – fisherwomen livelihood security, ഹൈജീനിക് റഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെണ്ടിംഗ് കിയോസ്ക്, കേരള ബാങ്ക് മുഖേന ദീർഘകാല വായ്പ പദ്ധതി, തീരമൈത്രി സീഫുഡ് റെസ്റ്റോറന്റ്, സ്നേഹതീരം പദ്ധതി, മോഡൽ പീലിംഗ് യൂണിറ്റ് എന്നീ പദ്ധതികൾ സാഫ് വഴി നടപ്പിലാക്കുന്നുണ്ട്.<br><br>മെറിറ്റ് അടിസ്ഥാനത്തിൽ സീറ്റ് ലഭിക്കാത്ത അംഗങ്ങളുടെ മക്കൾക്ക് മെഡിക്കൽ വിദ്യാഭ്യാസ ധനസഹായം, കുടുംബാംഗങ്ങൾക്ക് മാരകരോഗ ചികിത്സാ സഹായം, ഗ്രന്ഥശാല/ വായനശാല നവീകരണം,, രക്ഷാസേന രൂപീകരണം, ബോധവൽക്കരണ ക്ലാസുകൾ, മത്സ്യബന്ധന യാനങ്ങൾക്കും ഉപകരണങ്ങൾക്കും നഷ്ടപരിഹാരം, കായിക മികവിന് തുടർപരിശീലന ധനസഹായം, അന്താരാഷ്ട്ര മത്സരങ്ങൾക്ക് യാത്രാചെലവ് സഹായം, അംഗവൈകല്യമുള്ളവർക്ക് സ്വയംതൊഴിൽ സഹായം, 60 വയസ്സിന് മുകളിലുള്ളവരെ ആദരിക്കൽ, പ്രതിഭകളെ ആദരിക്കൽ, ചെയർമാന്റെ ദുരിതാശ്വാസ നിധി, ഫിഷറീസ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം, സർവകലാശാല റാങ്ക് ജേതാക്കൾക്ക് ക്യാഷ് അവാർഡ്, സാന്ത്വനതീരം, വിദ്യാതീരം, ലൈഫ് ഭവന പദ്ധതി, കോളനി ഭവന പുനർനിർമ്മാണവും പുനരുദ്ധാരണവും പദ്ധതി, സമ്പാദ്യ സമാശ്വാസ പദ്ധതി തുടങ്ങിയ പദ്ധതികൾ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖാന്തരം നടപ്പിലാക്കിവരുന്നു. |
| (ബി) | മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനായി നടപ്പിലാക്കിയ ശാസ്ത്രീയ നിയന്ത്രണ നടപടികളുടെ നിലവിലെ പുരോഗതി എന്താണെന്ന് അറിയിക്കുമോ; | (ബി) | കടൽമത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനും ഉതകുന്ന തരത്തിൽ വിവിധ മത്സ്യ ഇനങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥകൾ സംരക്ഷിയ്ക്കുന്നതിനു നടപടികൾസ്വീകരിച്ചു വരുന്നു. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി 2017 |

| | | | |
|---|---|---|---|
| | | | ൽ KMFR ആക്ട് ഭേദഗതി ചെയ്യുകയും 2018 ൽ പുതിയ റൂൾ ഉത്തരവാകുകയും ചെയ്തു. അത് പ്രകാരം ട്രോൾ നെറ്റുകളുടെ കോഡ്എന്റിൽ സ്ക്വയർ മെഷ് നിർബ്ബന്ധമാക്കി. പ്രധാനപ്പെട്ട എല്ലാ വലകളുടെയും ആകെ വലിപ്പംനിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുകയും നടപ്പാക്കുകയുംചെയ്തിട്ടുണ്ട്. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്റർ വരെ നീളമുള്ളതും, 250 HP വരെ എൻജിൻ ക്ഷമതയുള്ളതുമായ യാനങ്ങൾക്കുമാത്രമായി സംസ്ഥാനത്തിന്റെ തീരക്കടലിൽ (കരയിൽ നിന്നും 12 നോട്ടിക്കൽമൈൽ വരെ) മത്സ്യബന്ധന ലൈസൻസ് പരിമിതപ്പെടുത്തി. നശീകരണ മൽസ്യബന്ധനരീതികളായ പേഴ്സ്സീൻ, പെലാജിക് ട്രോൾ, മിഡ് വാട്ടർ ട്രോൾ, പെയർ ട്രോൾ എന്നിവ നിരോധിച്ചു. നിയമ ലംഘനങ്ങൾക്കു വർധിച്ച പിഴ ഏർപ്പെടുത്തി. സംസ്ഥാനത്തു പ്രവർത്തിക്കുന്ന ബോട്ട് നിർമ്മാണ യാർഡുകൾക്കും, മൽസ്യബന്ധനവല നിർമാണ സ്ഥാപനങ്ങൾക്കും രജിസ്ട്രേഷൻ ഏർപ്പെടുത്തി. ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യതീറ്റ നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നു എന്ന് മനസ്സിലാക്കി കേരളാ തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം(MLS) നിശ്ചയിച്ച് വിജ്ഞാപനം ഇറക്കുകയും ആയത് നടപ്പിലാക്കുകയും ചെയ്തുവരുന്നു. കൂടാതെ ട്രോൾബാൻ 47 ദിവസത്തിൽനിന്നും 52 ദിവസമായി വർദ്ധിപ്പിച്ചു. പുതുക്കിയ കെ.എം.എഫ്.ആർ ചട്ടം 6 (1) അനുസരിച്ച് നശീകരണ മത്സ്യബന്ധന രീതികളായ ഡൈനാമൈറ്റ് പോലുള്ള സ്ഫോടകവസ്തുക്കൾ, വിഷം, മറ്റ് മാരകമായ രാസവസ്തുക്കൾ, കൃത്രിമ പ്രകാശം എന്നിവഉപയോഗിച്ചുള്ള മത്സ്യബന്ധനവും, ചട്ടം 6 (2) പ്രകാരം തെങ്ങിന്റെ ക്ലാഞ്ഞിൽ, വൃക്ഷ ശിഖരങ്ങൾ എന്നിവ ഉപയോഗിച്ചും പ്ലാസ്റ്റിക് ബോട്ടിലുകൾ, ഉപയോഗശൂന്യമായ വല എന്നിവ കൂട്ടികെട്ടിയുള്ള മത്സ്യബന്ധനവും നിരോധിച്ചിട്ടുണ്ട്. |
| (സി) | ടി.ഇ.ഡി(ടർട്ടിൽ എക്സ്ക്ലൂഡർ ഡിവൈസ്), വി.ടി.ഡി(വെസൽ ട്രാക്കിംഗ് ഡിവൈസ്) തുടങ്ങിയ പരിസ്ഥിതി സൗഹൃദ ഉപകരണങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ നൽകിവരുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (സി) | ബോട്ടം ട്രോൾ നെറ്റുകളിൽ TED (Turtle Excluder Device) നിർബ്ബന്ധമാക്കിക്കൊണ്ട് കെ. എം. എഫ്. ആർ. റൂൾ ഭേദഗതി ചെയ്തിട്ടുണ്ട്. CIFT വികസിപ്പിച്ചെടുത്തിട്ടുള്ള ടി ഉപകരണങ്ങൾ ട്രോൾ നെറ്റുകളിൽ ഘടിപ്പിക്കുന്ന രീതിയും മറ്റും മത്സ്യത്തൊഴിലാളികളെ ബോധ്യപ്പെടുത്തുന്നതിനായി ഒരു ഡെമോൺസ്ട്രേഷൻ MPEDA-NETFISH നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്. മത്സ്യബന്ധന സമയത്ത് ബൈക്യാച്ച് കുറയ്ക്കുന്നതിനും, ഇന്ധന ക്ഷമത കൂട്ടുന്നതിനും അതുവഴി വലയിൽ ലഭിക്കുന്ന |

മത്സ്യത്തിന്റെ അളവ് കൂട്ടി മത്സ്യബന്ധനം ലാഭകരമാക്കാൻ ഇത് സഹായിക്കുന്നു. PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി ട്രോൾ വലകളിൽ TED ഘടിപ്പിക്കുന്നതിനുള്ള ഒരു വിശദമായ പ്രൊപ്പോസൽ തയ്യാറാക്കി കേന്ദ്രസർക്കാരിന് അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. കേന്ദ്ര സർക്കാർ ആയത് അംഗീകരിച്ച് 2599 യൂണിറ്റുകൾ ആദ്യഘട്ടത്തിൽ കേരളത്തിന് അനുവദിച്ചിട്ടുണ്ട്. 100% സബ്സിഡിയോടുകൂടിയ ഒരു പദ്ധതിയാണിത്. പദ്ധതി ചെലവിന്റെ 60% കേന്ദ്ര സർക്കാരും 40% സംസ്ഥാന സർക്കാരുമാണ് വഹിക്കുന്നത്. പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്.

ഓഖി പോലുള്ള ദുരന്തങ്ങൾ ഉണ്ടാകുമ്പോഴും, കാലാവസ്ഥാ മുന്നറിയിപ്പുള്ളപ്പോഴും, അല്ലാതെ യാനങ്ങൾ കടലിൽ വെച്ച് അപകടത്തിൽപ്പെടുമ്പോഴും യഥാസമയം വിവര കൈമാറ്റം സാധ്യമല്ലാത്ത സാഹചര്യം രാജ്യത്തുടനീളം നിലനിൽക്കുന്നു. ഇതിൽ പല യാനങ്ങളും മൂന്ന് മുതൽ ഒരു മാസം വരെ നീളുന്ന മത്സ്യബന്ധനത്തിൽ (Multi day fishing) ഏർപ്പെടുന്നവയാണ്. അന്താരാഷ്ട്ര അതിർത്തി കടന്ന് മത്സ്യബന്ധനത്തിലേർപ്പെടുമ്പോൾ മറ്റു രാജ്യങ്ങളുടെ സൈന്യത്തിന്റെ പിടിയിലാകുന്ന സാഹചര്യവും കപ്പൽചാൽ തിരിച്ചറിയാൻ കഴിയാതെ കപ്പൽ ഇടിച്ച് അപകടങ്ങൾ ഉണ്ടാകുന്ന സാഹചര്യവും പലപ്പോഴും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യങ്ങൾ മറികടക്കുന്നതിന് പ്രധാന മന്ത്രി മത്സ്യ സമ്പദാ യോജന (PMMSY) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി ഘടകത്തിന് കീഴിൽ 60:40 എന്ന അനുപാതത്തിൽ യഥാക്രമം കേന്ദ്രവിഹിതവും സംസ്ഥാനവിഹിതവും വകയിരുത്തി ഗുണഭോക്തൃ വിഹിതമില്ലാതെ 100 ശതമാനം സബ്സിഡിയോടെ എല്ലാ തീരദേശ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളോടൊപ്പം ആശയവിനിമയത്തിനും, നിരീക്ഷണത്തിനും, നിയന്ത്രണത്തിനും മത്സ്യബന്ധന യാനങ്ങളിൽ ട്രാൻസ്പോണ്ടറുകൾ ഘടിപ്പിക്കുന്ന ദേശീയ റോളൗട്ട് പദ്ധതി നടപ്പിലാക്കിവരുന്നു.

പദ്ധതിയുടെ ആദ്യഘട്ടമായി സംസ്ഥാന ഫിഷറീസ് വകുപ്പ് ഭൗതിക പരിശോധന നടത്തിയിട്ടുള്ള 3352 യന്ത്രവത്കൃത മത്സ്യബന്ധന യാനങ്ങളിലും 2648 യന്ത്രവത്കൃതമല്ലാത്ത മത്സ്യബന്ധനയാനങ്ങളിലുമുൾപ്പെടെ ആകെ 6000 മത്സ്യബന്ധന യാനങ്ങളിൽ ട്രാൻസ്പോണ്ടർ

| | | | |
|---|---|---|---|
| | | | ഘടിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ആയത് അംഗീകരിയ്ക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി 13.104 കോടി രൂപ കേന്ദ്ര വിഹിതവും 8.736 കോടി രൂപ സംസ്ഥാന വിഹിതവും ഉൾപ്പെടെ 21.84 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇപ്പോൾ കേന്ദ്ര സർക്കാർ 12121 മോട്ടോറൈസ്ഡ് യാനങ്ങൾക്കും 3563 മെക്കനൈസ്ഡ് യാനങ്ങൾക്കുമായി ആകെ 15684 ട്രാൻസ്പോണ്ടറുകൾ അനുവദിച്ചിട്ടുണ്ട്. യാനങ്ങളിൽ ട്രാൻസ്പോണ്ടറുകൾ ഘടിപ്പിക്കുന്ന പ്രവർത്തനം ജില്ലകളിൽ പുരോഗമിച്ചുവരുന്നു. നാളിതുവരെ സംസ്ഥാനത്തെ 9 തീരദേശ ജില്ലകളിലായി 2229 മോട്ടോറൈസ്ഡ് യാനങ്ങളിലും 1869 മെക്കനൈസ്ഡ് യാനങ്ങളിലും ഉൾപ്പെടെ ആകെ 4098 മത്സ്യബന്ധനയാനങ്ങളിൽ ട്രാൻസ്പോണ്ടറുകൾ ഘടിപ്പിച്ചിട്ടുണ്ട്.<br><br>ട്രോൾ നെറ്റുകളിൽ TED ഘടിപ്പിക്കുന്നതുവഴി കടലാമകളെ സംരക്ഷിക്കപ്പെടുന്നതിനാൽ അന്താരാഷ്ട്ര വിപണിയിൽ പ്രധാനമായും അമേരിക്ക, യൂറോപ്യൻ രാജ്യങ്ങൾ എന്നിവിടങ്ങളിലേയ്ക്കുള്ള മത്സ്യക്കയറ്റുമതി തടസ്സങ്ങൾ ഒഴിവാകുന്നു. ഇത് വിദേശ നാണ്യം നേടിത്തരുന്നതിനും അതിലൂടെ മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിക്കുന്നതിനും കാരണമാകുന്നു. TED ഘടിപ്പിച്ചുള്ള വലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം പരിസ്ഥിതി സൗഹൃദ മത്സ്യബന്ധനം ആയതിനാൽ ഉയർന്ന വില ലഭിക്കുന്നതിനുള്ള സാധ്യത വർദ്ധിക്കുന്നു. കൂടാതെ ദീർഘകാലത്തിൽ സമുദ്ര ജൈവവൈവിധ്യം നിലനിർത്തി വരുമാന സ്ഥിരത കൈവരിക്കാനും സഹായകമാകുന്നു.<br><br>വെസ്സൽ ട്രാക്കിംഗ് ഡിവൈസ് ആയ ട്രാൻസ്പോണ്ടറുകൾ ഘടിപ്പിക്കുന്നതുവഴി ഇന്റർ നാഷണൽ ബൗണ്ടറികൾ ലംഘിക്കപ്പെടുന്നത് നിയന്ത്രിക്കപ്പെടുന്നതിനാൽ മറ്റ് രാജ്യങ്ങളിലെ അറസ്റ്റ് ഒഴിവാക്കാൻ കഴിയുന്നു. കാലാവസ്ഥാ മുന്നറിയിപ്പുകളും മത്സ്യമേഖലയിലെ കൃത്യമായ വിവരങ്ങളും ലഭിക്കുന്നതുമൂലം അപകടങ്ങൾ കുറയുന്നതിനും ഇന്ധന ലാഭം ഉണ്ടാകുന്നതിനും സഹായകമാകുന്നു. |
| (ഡി) | മേൽപ്പറഞ്ഞ നടപടികൾ മൽസ്യത്തൊഴിലാളികളുടെ വരുമാന വർദ്ധനവിന് എത്രത്തോളം സഹായകരമായിട്ടുണ്ട്; വിശദമാക്കാമോ? | (ഡി) | ബോട്ടം ട്രോൾ നെറ്റുകളിൽ TED (Turtle Excluder Device) നിർബ്ബന്ധമാക്കിക്കൊണ്ട് കെ. എം. എഫ്. ആർ. റൂൾ ഭേദഗതി ചെയ്തിട്ടുണ്ട്. CIFT വികസിപ്പിച്ചെടുത്തിട്ടുള്ള ടി ഉപകരണങ്ങൾ ട്രോൾ |

നെറ്റുകളിൽ ഘടിപ്പിക്കുന്ന രീതിയും മറ്റും മത്സ്യത്തൊഴിലാളികളെ ബോധ്യപ്പെടുത്തുന്നതിനായി ഒരു ഡെമോൺസ്ട്രേഷൻ MPEDA-NETFISH നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്. മത്സ്യബന്ധന സമയത്ത് ബൈക്യാച്ച് കുറയ്ക്കുന്നതിനും, ഇന്ധന ക്ഷമത കൂട്ടുന്നതിനും അതുവഴി വലയിൽ ലഭിക്കുന്ന മത്സ്യത്തിന്റെ അളവ് കൂട്ടി മത്സ്യബന്ധനം ലാഭകരമാക്കാൻ ഇത് സഹായിക്കുന്നു. PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി ട്രോൾ വലകളിൽ TED ഘടിപ്പിക്കുന്നതിനുള്ള ഒരു വിശദമായ പ്രൊപ്പോസൽ തയ്യാറാക്കി കേന്ദ്രസർക്കാരിന് അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. കേന്ദ്ര സർക്കാർ ആയത് അംഗീകരിച്ച് 2599 യൂണിറ്റുകൾ ആദ്യഘട്ടത്തിൽ കേരളത്തിന് അനുവദിച്ചിട്ടുണ്ട്. 100% സബ്സിഡിയോടുകൂടിയ ഒരു പദ്ധതിയാണിത്. പദ്ധതി ചെലവിന്റെ 60% കേന്ദ്ര സർക്കാരും 40% സംസ്ഥാന സർക്കാരുമാണ് വഹിക്കുന്നത്. പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്.

ഓഖി പോലുള്ള ദുരന്തങ്ങൾ ഉണ്ടാകുമ്പോഴും, കാലാവസ്ഥാ മുന്നറിയിപ്പുള്ളപ്പോഴും, അല്ലാതെ യാനങ്ങൾ കടലിൽ വെച്ച് അപകടത്തിൽപ്പെടുമ്പോഴും യഥാസമയം വിവര കൈമാറ്റം സാധ്യമല്ലാത്ത സാഹചര്യം രാജ്യത്തുടനീളം നിലനിൽക്കുന്നു. ഇതിൽ പല യാനങ്ങളും മൂന്ന് മുതൽ ഒരു മാസം വരെ നീളുന്ന മത്സ്യബന്ധനത്തിൽ (Multi day fishing) ഏർപ്പെടുന്നവയാണ്. അന്താരാഷ്ട്ര അതിർത്തി കടന്ന് മത്സ്യബന്ധനത്തിലേർപ്പെടുമ്പോൾ മറ്റു രാജ്യങ്ങളുടെ സൈന്യത്തിന്റെ പിടിയിലാകുന്ന സാഹചര്യവും കപ്പൽചാൽ തിരിച്ചറിയാൻ കഴിയാതെ കപ്പൽ ഇടിച്ച് അപകടങ്ങൾ ഉണ്ടാകുന്ന സാഹചര്യവും പലപ്പോഴും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യങ്ങൾ മറികടക്കുന്നതിന് പ്രധാന മന്ത്രി മത്സ്യ സമ്പദാ യോജന (PMMSY) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി ഘടകത്തിന് കീഴിൽ 60:40 എന്ന അനുപാതത്തിൽ യഥാക്രമം കേന്ദ്രവിഹിതവും സംസ്ഥാനവിഹിതവും വകയിരുത്തി ഉണഭോക്തൃ വിഹിതമില്ലാതെ 100 ശതമാനം സബ്സിഡിയോടെ എല്ലാ തീരദേശ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളോടൊപ്പം ആശയവിനിമയത്തിനും, നിരീക്ഷണത്തിനും, നിയന്ത്രണത്തിനും മത്സ്യബന്ധന യാനങ്ങളിൽ ട്രാൻസ്പോണ്ടറുകൾ ഘടിപ്പിക്കുന്ന ദേശീയ റോളൗട്ട് പദ്ധതി നടപ്പിലാക്കിവരുന്നു.

പദ്ധതിയുടെ ആദ്യഘട്ടമായി സംസ്ഥാന ഫിഷറീസ് വകുപ്പ് ഭൗതിക പരിശോധന നടത്തിയിട്ടുള്ള 3352 യന്ത്രവത്കൃത മത്സ്യബന്ധന യാനങ്ങളിലും 2648 യന്ത്രവത്കൃതമല്ലാത്ത മത്സ്യബന്ധനയാനങ്ങളിലുമുൾപ്പെടെ ആകെ 6000 മത്സ്യബന്ധന യാനങ്ങളിൽ ട്രാൻസ്പോണ്ടർ ഘടിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ആയത് അംഗീകരിയ്ക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി 13.104 കോടി രൂപ കേന്ദ്ര വിഹിതവും 8.736 കോടി രൂപ സംസ്ഥാന വിഹിതവും ഉൾപ്പെടെ 21.84 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇപ്പോൾ കേന്ദ്ര സർക്കാർ 12121 മോട്ടോറൈസ്ഡ് യാനങ്ങൾക്കും 3563 മെക്കനൈസ്ഡ് യാനങ്ങൾക്കുമായി ആകെ 15684 ട്രാൻസ്പോണ്ടറുകൾ അനുവദിച്ചിട്ടുണ്ട്. യാനങ്ങളിൽ ട്രാൻസ്പോണ്ടറുകൾ ഘടിപ്പിക്കുന്ന പ്രവർത്തനം ജില്ലകളിൽ പുരോഗമിച്ചുവരുന്നു. നാളിതുവരെ സംസ്ഥാനത്തെ 9 തീരദേശ ജില്ലകളിലായി 2229 മോട്ടോറൈസ്ഡ് യാനങ്ങളിലും 1869 മെക്കനൈസ്ഡ് യാനങ്ങളിലും ഉൾപ്പെടെ ആകെ 4098 മത്സ്യബന്ധനയാനങ്ങളിൽ ട്രാൻസ്പോണ്ടറുകൾ ഘടിപ്പിച്ചിട്ടുണ്ട്.

ട്രോൾ നെറ്റുകളിൽ TED ഘടിപ്പിക്കുന്നതുവഴി കടലാമകളെ സംരക്ഷിക്കപ്പെടുന്നതിനാൽ അന്താരാഷ്ട്ര വിപണിയിൽ പ്രധാനമായും അമേരിക്ക, യൂറോപ്യൻ രാജ്യങ്ങൾ എന്നിവിടങ്ങളിലേയ്ക്കുള്ള മത്സ്യക്കയറ്റുമതി തടസ്സങ്ങൾ ഒഴിവാകുന്നു. ഇത് വിദേശ നാണ്യം നേടിത്തരുന്നതിനും അതിലൂടെ മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിക്കുന്നതിനും കാരണമാകുന്നു. TED ഘടിപ്പിച്ചുള്ള വലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം പരിസ്ഥിതി സൗഹൃദ മത്സ്യബന്ധനം ആയതിനാൽ ഉയർന്ന വില ലഭിക്കുന്നതിനുള്ള സാധ്യത വർദ്ധിക്കുന്നു. കൂടാതെ ദീർഘകാലത്തിൽ സമുദ്ര ജൈവവൈവിധ്യം നിലനിർത്തി വരുമാന സ്ഥിരത കൈവരിക്കാനും സഹായകമാകുന്നു.

വെസ്സൽ ട്രാക്കിംഗ് ഡിവൈസ് ആയ ട്രാൻസ്പോണ്ടറുകൾ ഘടിപ്പിക്കുന്നതുവഴി ഇന്റർ നാഷണൽ ബൗണ്ടറികൾ ലംഘിക്കപ്പെടുന്നത് നിയന്ത്രിക്കപ്പെടുന്നതിനാൽ മറ്റ് രാജ്യങ്ങളിലെ അറസ്റ്റ് ഒഴിവാക്കാൻ കഴിയുന്നു. കാലാവസ്ഥാ മുന്നറിയിപ്പുകളും മത്സ്യമേഖലയിലെ കൃത്യമായ വിവരങ്ങളും ലഭിക്കുന്നതുമൂലം അപകടങ്ങൾ

| | |
|---|---|
| | കുറയുന്നതിനും ഇന്ധന ലാഭം ഉണ്ടാകുന്നതിനും സഹായകമാകുന്നു. |

സെക്ഷൻ ഓഫീസർ